# CAREER Updates

# പത്രവൃത്താന്തം

**20.07.2024 (ശനി)**




- ⇨ കാലാവസ്ഥാ വ്യതിയാനം, പ്രകൃതിനാശം എന്നിവ നേരിടുന്നതുമായി ബന്ധപ്പെട്ട വ്യക്തികളുടേയും സംഘടനകളുടേയും സംഭാവനകളെ ആദരിക്കുന്നതിനായി പോർച്ചുഗലിലെ കലോസ്റ്റെ ഗുൽബെങ്കിയൻ ഫൗണ്ടേഷൻ നൽകുന്ന ഗുൽബെങ്കിയൻ അവാർഡ് ഫോർ ഹ്യുമാനിറ്റി 2024-ന് അർഹമായ ഇന്ത്യൻ സംസ്ഥാനം
- ✔ ആന്ധ്രപ്രദേശ്
- 2016-ൽ ആന്ധ്രപ്രദേശ് സർക്കാർ പ്രകൃതിദത്ത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച ആന്ധ്രപ്രദേശ് കമ്മ്യൂണിറ്റി മാനേജ്ഡ് നാച്ചുറൽ ഫാമിംഗ് (APCNF) എന്ന പദ്ധതിയാണ് പുരസ്കാരത്തിന് അർഹമായത്.
- ആഗോള ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട സംഭാവനകൾക്ക് പ്രശസ്ത മണ്ണ് ശാസ്ത്രജ്ഞൻ രത്തൻ ലാലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഈജിപ്ഷ്യൻ സർക്കാർ പദ്ധതിയായ സെകിം പദ്ധതിയും ഒരു മില്ല്യൺ യൂറോ സമ്മാനത്തുകയുള്ള പുരസ്കാരം ആന്ധ്രപ്രദേശിനൊപ്പം പങ്കിട്ടു.

- ⇨ 1971-ലെ വിമോചന സമരത്തിൽ രക്തസാക്ഷികളായവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാർ ജോലിയിൽ 30% സംവരണം നൽകുന്നതിനെതിരെ 2024 ജൂലൈയിൽ വൻതോതിലുള്ള വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ അരങ്ങേറിയ രാജ്യം
- ✔ ബംഗ്ലാദേശ്
- ⇨ 2024 ജൂലൈയിൽ കേരള ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന രാജ്യാന്തര ഡോക്യുമെന്ററി ആന്റ് ഷോർട്ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി നൽകപ്പെടുന്ന ഡോക്യുമെന്ററി രംഗത്തെ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡിനർഹരായവർ
- ✔ നരേഷ് ബേഡി, രാജേഷ് ബേഡി
- ⇨ ഇന്ത്യയിലെ ഏറ്റവും വലിയ അർബൻ ടണൽ ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ
- ✔ താനെ-ബോറിവാലി (മഹാരാഷ്ട്ര)
- 11.8 കി.മീ. ആണ് ടണലിന്റെ ആകെ നീളം.

- ⇨ 2024 ജൂലൈയിൽ പുറത്തുവന്ന ഫിഫ പുരുഷ ഫുട്ബോൾ റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തിയ രാജ്യം
- ✔ അർജന്റീന
- ഫ്രാൻസ്, സ്പെയിൻ എന്നീ ടീമുകളാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ഇന്ത്യയുടെ റാങ്കിൽ മാറ്റമില്ല (124).
- ⇨ 2024 ജൂലൈയിൽ അമേരിക്കയിലെ ഇന്ത്യൻ സ്ഥാനപതിയായി നിയമിതനായത്
- ✔ വിനയ് മോഹൻ ക്വാത്ര
- ⇨ 2024 ജൂലൈയിൽ ലോകവ്യാപകമായി മൈക്രോസോഫ്റ്റ് വിൻഡോസ് സേവനങ്ങൾ തകരാറിലാകാൻ കാരണമായത് ഏത് ആന്റിവൈറസ് സോഫ്റ്റ്വെയറിന്റെ അപ്ഡേറ്റ് ആണ്?
- ✔ ക്രൗഡ്സ്ട്രൈക്ക് ഫാൽക്കൺ ആന്റിവൈറസ് സോഫ്റ്റ്വെയർ
- ⇨ 2024 ജൂലൈയിൽ ചാന്ദിപുര വൈറസ് മൂലമുള്ള മരണം റിപ്പോർട്ട് ചെയ്യപ്പെട്ട ഇന്ത്യൻ സംസ്ഥാനം
- ✔ ഗുജറാത്ത്

CAREER GUIDANCE BUREAU


കരിയർ ഗൈഡൻസ് ബ്യൂറോ

ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999